**AKSHARASURYA**
Peer-Reviewed, Multi Lingual E-Journal
Volume – 02, Issue – 01, January 2023.

# ആത്മകഥ: അനുഭവം, കർത്തൃത്വം, ആഖ്യാനം
## (എം കുഞ്ഞാമന്റെ 'എതിര്' നെ മുൻനിർത്തി ഒരു പഠനം)

Renjith V
Reserch Scholar
Department of Malayalam
Central University of Kerala
7994403361
renjith751996@gmail.com

മനുഷ്യന്റെ ആത്മസത്തയുടെ പുനരാവിഷ്കാരമാണ് ആത്മകഥ. ' വ്യക്തി വികാസത്തിന് ഊന്നൽ നൽകിക്കൊണ്ട് ഒരു യഥാർത്ഥ വ്യക്തി, തന്റെ വ്യക്തിജീവിതത്തെ കേന്ദ്രീകരിച്ച് ഭൂതകാലാവലോകനത്തിലൂടെ സ്വന്തം അസ്ഥിത്വത്തെ ആവിഷ്കരിക്കുന്നതാണ് ആത്മകഥ'യെന്ന് ലിൻഡ അൻഡേഴ്സൺ1 ആത്മകഥയെ നിർവചിക്കുന്നു. ആത്മകഥാകാരന്റെ വ്യക്തിത്വ പ്രകാശനത്തോടൊപ്പം അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ ചരിത്രം ആത്മകഥകളിൽ അനാവൃതമാകുന്നു. മലയാളത്തിലെ ആത്മകഥാസാഹിത്യത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ അത് സവർണ- പുരുഷ മേൽക്കോയ്മയുടെ ഇടമാണെന്ന് ബോധ്യമാവും. വളരെ അപൂർവമായി മാത്രമേ കീഴാള-ദളിത് പ്രതിനിധാനങ്ങൾ ആത്മകഥാസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളൂ. ദളിത് ആത്മകഥ എന്ന വ്യവഹാരത്തിനകത്ത് ഉൾപ്പെടുത്താവുന്ന എം കുഞ്ഞാമന്റെ ആത്മകഥയാണ് 'എതിര്.' ത്വരിതമായി മുന്നേറിക്കൊണ്ടിരിക്കുന്ന സമൂഹം അതിലെ ഒരു ബിന്ദു മാത്രമായ ഒരു സവിശേഷ വ്യക്തിയെ എങ്ങനെയെല്ലാം മാറ്റിത്തീർക്കുന്നുവെന്നും മാറ്റപ്പെടുന്ന ആ വ്യക്തി സമൂഹത്തിന്റെ ആ മാറ്റത്തിൽ എന്തെന്തു സംഭാവനകൾ നൽകുന്നുവെന്നും ആ വ്യക്തി തന്നെ ആത്മനിഷ്ഠമാണെന്ന് തുറന്നു സമ്മതിച്ചു കൊണ്ടുള്ള ഒരു സമീപനത്തോടെ വിവരിക്കുന്നതാണ് ആത്മകഥ'2യെന്ന ഇ.എം.എസിന്റെ നിർവചനം ഏറെ ഇണങ്ങുന്ന ആത്മകഥയാണ് എതിര്. എതിരിലെ ആഖ്യാനത്തെ നിർണയിക്കുന്ന അനുഭവം,കർത്തൃത്വം എന്നിവ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

സാമൂഹ്യജീവിയായ മനുഷ്യന്റെ സ്വത്വത്തെ നിർണയിക്കുന്നതിൽ അതാതു കാലത്തെ പ്രത്യയശാസ്ത്രങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. സമൂഹത്തിനകത്തെ വ്യക്തികളെ വ്യവസ്ഥയ്ക്ക് അനുയോജ്യമാക്കുന്ന പ്രക്രിയയാണ് കർത്തൃത്വ രൂപീകരണം. കർത്തൃത്വം ഒരു വ്യക്തി തന്റെ സാമൂഹിക സാഹചര്യങ്ങളിൽ നിന്നും ആർജിക്കുന്ന സ്ഥാനമാണ്. അത് സാമൂഹിക നിർമ്മിതിയുടെ ഭാഗമാണ്. സാമൂഹ്യ ബന്ധങ്ങൾക്കകത്ത് വ്യക്തിയുടെ സ്ഥാനം നിർണയിക്കാനാണ് അൽത്യൂസർ കർത്തൃത്വം അഥവാ ഏജൻസി എന്ന പദം ഉപയോഗിക്കുന്നത്.കർത്തൃത്വത്തെ നിർണയിക്കുന്നതിൽ വ്യക്തിയുടെ അനുഭവങ്ങൾക്ക് ഏറെ പ്രാധാന്യമുള്ളതായി കാണാം.

ആധുനികാനന്തര ആത്മകഥാപഠനങ്ങളിൽ ആത്മം, കർത്തൃത്വം തുടങ്ങിയ സംവർഗ്ഗങ്ങളെക്കുറിച്ചുള്ള പ്രശ്നവൽക്കരണങ്ങൾ പ്രധാനമാണ്. ആത്മകഥ പഠനങ്ങളിൽ കർത്തൃത്വത്തിന് വലിയ പ്രാധാന്യമുണ്ട്. ആത്മകഥയിലെ ആത്മത്തെ നിർണ്ണയിക്കുന്നത് കർത്തൃത്വമാണ് . ആത്മകഥാകാരന്റെ ജീവിതാനുഭവങ്ങളിൽ നിന്നും എന്തെല്ലാമാണ് ആത്മകഥയിൽ അവതരിപ്പിക്കേണ്ടതെന്ന തിരഞ്ഞെടുപ്പ് വളരെ പ്രധാനമാണ്. ഈ തിരഞ്ഞെടുപ്പിനെ

നിർണയിക്കുന്നത് ആത്മകഥാകാരന്റെ കർത്തൃത്വമാണെന്ന് നിസംശയം പറയാം. ആധുനിക കർത്തൃത്വത്തിനു ഉടമയാണ് എം കുഞ്ഞാമൻ എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് എതിര് എന്ന ആത്മകഥ. 'വലിയ മഹാന്മാരുടെതല്ലാതെ സാധാരണക്കാരുടെ ആത്മകഥ വായിക്കാൻ ആർക്കെങ്കിലും ഇഷ്ടമുണ്ടാകുമോ? എന്റെ ആത്മകഥ എഴുതിയാൽ മഹാന്മാരുടെ കൂട്ടത്തിൽ ചേരാനുള്ള ദുരാഗ്രഹത്താൽ മേനി പറയുന്നതായേ തോന്നും എന്നെനിക്കറിയാം'3 എന്ന കാണിപ്പയ്യൂരിന്റെ ചിന്താഗതിയിൽ നിന്നും ഭിന്നമായി ആർക്കും ആത്മകഥ എഴുതാം എന്ന പൊതുബോധം രൂപീകരിക്കപ്പെടുന്നത് ആധുനികകർത്തൃത്വങ്ങളുടെ രൂപീകരണത്തോടെയാണ്. ആത്മകഥയെഴുത്ത് ദളിതരെ സംബന്ധിച്ചിടത്തോളം ഏറ്റവും വേദനാകരമായ അനുഭവമാണെന്ന് ഒ കെ സന്തോഷിനെ പോലെയുള്ള ആത്മകഥാ പഠിതാക്കൾ സൂചിപ്പിച്ചിട്ടുണ്ട്. ഭൂതകാലത്തിലെ കടുത്ത യാഥാർത്ഥ്യങ്ങൾ ആവിഷ്കരിക്കുന്നതിന്റെ പ്രശ്നം മാത്രമല്ല, ഭൂതകാല അനുഭവങ്ങൾ ജീവിതത്തിൽ നേടിയ പദവിക്കും സാമൂഹിക നിലയ്ക്കും ഇളക്കം തട്ടുമോ എന്ന ഭയം കൂടി ആത്മകഥാകാരന്മാരെ വേട്ടയാടുന്നുണ്ട്. എന്നാൽ ഈ ഭയം കുഞ്ഞാമനിയിൽ തീരെ പ്രവർത്തിക്കുന്നില്ല. ബാല്യം മുതൽ താനും തന്റെ സമുദായവും അനുഭവിച്ച നരകയാതനകളുടെ ചരിത്രം ഒരു മറയും കൂടാതെ കുഞ്ഞാമൻ ആത്മകഥയ്ക്കകത്ത് തുറന്നു കാട്ടുന്നു. വ്യക്തിപരമായി നേരിട്ടനുഭവിച്ച കാര്യങ്ങളെപ്പറ്റി എഴുതുമ്പോൾ തന്നെ തന്റെ സമൂഹത്തിന്റെ ചരിത്രസ്മരണകളെ കുഞ്ഞാമൻ രൂപപ്പെടുത്തുകയും ചെയ്യുന്നു.

മാറുന്ന ലോകത്തെപ്പറ്റിയുള്ള, മാറ്റത്തിന്റെ കഥ പറയാനുള്ള നിമിത്തം മാത്രമാണ് വ്യക്തിജീവിതം എന്ന് തിരിച്ചറിയുന്ന കുഞ്ഞാമൻ താൻ നേരിട്ട ഭീകരമായ പ്രതികൂല സാഹചര്യങ്ങളോട് നിരന്തരം പൊരുതി ഉയർന്നുവന്നതിന്റെയും അതോടനുബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന സ്വതന്ത്രമായ ബൗദ്ധികന്വേഷണങ്ങളുടെയും ക്രോഡീകരണമാണ് എതിരിലൂടെ അവതരിപ്പിക്കുന്നത്. ' ഇരുട്ടുനിറഞ്ഞതായിരുന്നു കാലം. പേടി മാത്രം നൽകിയിരുന്ന സമുദായം. ജാതി പാണൻ. അച്ഛൻ അയ്യപ്പൻ. അമ്മ ചെറോണ. അവർ നിരക്ഷരരായിരുന്നു. എച്ചിലെടുത്തും അത് തിന്നുമാണ് ജീവിതം. അച്ഛൻ കണ്ണുകെട്ടാൻ പോകും. കടുത്ത ദാരിദ്ര്യവും അടിച്ചമർത്തപ്പെട്ട ജാതിയും. ഒന്നു മറ്റൊന്നിനെ ഊട്ടി വളർത്തി'4 ഇങ്ങനെ സ്വന്തം ഭൂതകാലത്തിന്റെ ഇരുളടഞ്ഞ ഏടുകളെ അടയാളപ്പെടുത്തി കൊണ്ടാണ് എതിര് ആരംഭിക്കുന്നത്.എന്നെ പാണൻ എന്നു വിളിക്കരുത് എന്ന ഒന്നാം അധ്യായം ദളിത് വിഭാഗം നേരിടുന്ന ജാതീയമായ അധിക്ഷേപങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്. അധ്യാപകന്റെ ജാതി പേരുവിളിയിൽ സഹികെട്ട് 'സാർ ജാതി പേര് വിളിക്കരുത്, കുഞ്ഞാമൻ എന്ന് വിളിക്കണം5 ' എന്ന് ആത്മകഥാകാരൻ പറയുന്നത് തന്റെ മൂന്നാം ക്ലാസിൽ വച്ചാണ്. വളരെ ചെറുപ്പത്തിൽ തന്നെ ജാതീയതയ്ക്കെതിരായ ഒരു രാഷ്ട്രീയ കർത്തൃത്വം കുഞ്ഞാമനിൽ രൂപപ്പെടുന്നതിന്റെ ഉദാഹരണമായി പ്രസ്തുത സന്ദർഭത്തെ എടുത്തു കാട്ടാവുന്നതാണ്. താൻ വ്യക്തി ജീവിതത്തിൽ ആർജിച്ച പേരിനും പ്രശസ്തിക്കും കോട്ടം തട്ടും എന്നുപോലും ഭയപ്പെടാതെ വേദനാജനകമായ ബാല്യകാല അനുഭവങ്ങൾ പങ്കുവെക്കാൻ കുഞ്ഞാമനെ പര്യാപ്തമാക്കുന്നത് അദ്ദേഹത്തിൽ നിലനിൽക്കുന്ന ആധുനിക രാഷ്ട്രീയ ബോധമാണ്. പതിനാലാം വയസ്സിലെ ഒരു അനുഭവം ഇപ്രകാരമാണ് ; 'വീടിനടുത്തുള്ള ഒരു ജന്മിയുടെ വീട്ടിൽ കഞ്ഞിക്കുചെന്നു. മണ്ണിൽ കുഴിച്ച് കഞ്ഞിയൊഴിച്ചുതന്നു. അവിടെ ഭയങ്കരനായ ഒരു പട്ടിയുണ്ടായിരുന്നു. എന്നോടൊപ്പം അവനോടും ചെന്ന് കുടിക്കാൻ പറഞ്ഞു വീട്ടുകാർ. കുഴിയുടെ അടുത്തേക്ക് കുരച്ചെത്തിയ പട്ടി കഞ്ഞി കുടിക്കാനുള്ള ആർത്തിയിൽ എന്നെ കടിച്ചു മാറ്റി. തിരിഞ്ഞു നോക്കുമ്പോൾ, ഒരു മനുഷ്യനും പട്ടിയും തമ്മിലുള്ള ബന്ധമായിരുന്നില്ല അത്, രണ്ടു പട്ടികളുമായുള്ള ബന്ധമായിരുന്നു. രണ്ടു പട്ടികൾ കഞ്ഞിക്കുവേണ്ടി മത്സരിക്കുന്നു6. ഇത്തരത്തിൽ യാതൊരുവിധ

മൂടിവെക്കലുകളുമില്ലാതെ തന്റെ ഭൂതകാല പീഡതാവസ്ഥകളെ തികഞ്ഞ സത്യസന്ധതയോടെ കുഞ്ഞാമൻ അവതരിപ്പിക്കുന്നു.ദാരിദ്ര്യം ഒരു വ്യക്തിയുടെ ജീവിതത്തിലുണ്ടാക്കുന്ന അപകർഷതാബോധത്തിന്റെ നിരവധി ഉദാഹരണങ്ങൾ കുഞ്ഞാമാന്റെ ജീവിതത്തിലുണ്ട്. അത്തരം അനുഭവങ്ങളിൽ ഒന്ന് ഇപ്രകാരമാണ്.' റാങ്കിനെക്കുറിച്ച് പറയാൻ ചെന്നപ്പോൾ, സഹോദരിയെപ്പോലെ, അമ്മയെപ്പോലെ സ്നേഹിച്ചിരുന്ന വീടിനടുത്തുള്ള ഉയർന്ന ജാതിക്കാരി, കഞ്ഞി തരാം എന്നു പറഞ്ഞാണ് എന്നെ വിളിച്ചത്. ഞാൻ പറഞ്ഞു. "കഞ്ഞി വേണ്ട. വിശപ്പില്ല". ഒന്നാം റാങ്ക് കിട്ടിയതിൽ അഭിമാനം തോന്നിയില്ല. കാരണം, വയറു വിശക്കുന്നവന് അഭിമാനമില്ല. ദരിദ്രർക്ക് അഭിമാനമില്ല. ഉണ്ടെങ്കിൽ തന്നെ ദുരഭിമാനമാണ്. ഭക്ഷണം കഴിച്ചാലേ അഭിമാനം വരും'7.

ഫ്യൂഡൽ മൂല്യബോധത്തിന് എതിരായ ഒരു ആധുനികകർതൃത്വം കുഞ്ഞാമനിൽ നിൽക്കുന്നതിന്റെ നിരവധിയായ ഉദാഹരണങ്ങൾ ആത്മകഥയ്ക്കകത്ത് കണ്ടെത്താം. ഫ്യൂഡൽ മൂല്യബോധങ്ങളുടെ വിധേയപ്പെടൽ കുഞ്ഞാമനിൽ കാണാൻ സാധിക്കില്ല. ഞാൻ ജീവിതത്തിൽ ഇഷ്ടപ്പെടുന്നത് നിഷേധികളെയും ധിക്കാരികളെയും ആണെന്ന് കുഞ്ഞാമൻ തന്നെ പറയുന്നുണ്ട്. 'ഞാൻ ആരെയും ബഹുമാനിക്കാത്ത ആളാണ്. എന്നെ നിങ്ങളും ബഹുമാനിക്കരുത്, അത് എനിക്കിഷ്ടമല്ല, ബഹുമാനം,അച്ചടക്കം,വിധേയത്വം ഇവയെല്ലാം ഫ്യൂഡൽ മൂല്യങ്ങളാണ്. എന്നെയും എന്നെപ്പോലുള്ളവരെ അടിച്ചമർത്തി കീഴാളരായി നിലനിർത്തിയ മൂല്യബോധങ്ങളാണിവ8.നിങ്ങൾ ആരെയും ബഹുമാനിക്കരുത് എന്ന് ഞാൻ പറയില്ല, ഏതായാലും എന്നെ വേണ്ട എന്ന് കുഞ്ഞാമൻ തന്റെ വിദ്യാർഥികളോട് പറയുന്നുണ്ട്. ഫ്യൂഡലിസത്തിന്റെ വിധേയത്വമൂല്യങ്ങൾക്കെതിരെ ആധുനികമായ സമഭാവനയെ പ്രതിഷ്ഠിക്കുകയാണ് കുഞ്ഞാമൻ ഇവിടെ ചെയ്യുന്നത്. ഫ്യൂഡലിസ്റ്റ് മൂല്യങ്ങൾ പുതിയ കാലത്തും എങ്ങനെയാണ് നിലനിൽക്കുന്നതെന്ന് കുഞ്ഞാമൻ സൂചിപ്പിക്കുന്നുണ്ട്. ഗവേഷണ വിദ്യാർഥിയായിരിക്കെ തന്നെ കേരള സർവകലാശാലയിൽ ലക്ചർ തസ്തികയ്ക്ക് അപേക്ഷിച്ച കുഞ്ഞാമന് ഒന്നാം റാങ്ക് ഉണ്ടായിട്ടും നിയമനം ലഭിക്കാതെ പോയത് ഫ്യൂഡൽ സവർണ്ണ ബോധങ്ങൾ ഐക്യ കേരളത്തെയും നയിച്ചിരുന്നു എന്നതിന്റെ ഉദാഹരണമാണ്. കുഞ്ഞാമൻ വിഷയം കൂടുതൽ ചർച്ച ആയപ്പോൾ സർക്കാർ ഒരു സൂപ്പർ ന്യൂമറി തസ്തിക ഉണ്ടാക്കി കുഞ്ഞാമനെ കേരള സർവകലാശാലയിൽ നിയമിക്കുകയാണ് ഉണ്ടായത്. മുൻ വാതിലിൽ കൂടി നിയമനം ലഭിക്കാൻ അർഹതയുണ്ടായിരുന്ന കുഞ്ഞാമനെ സംവരണ തസ്തികയിൽ നിയമിച്ചതോടെ 'ചണ്ഡാലൻ സിംഹാസനത്തിന് പുറകിലൂടെ മാത്രം വരണമെന്ന അധീശ നിയമം കൃത്യമായി പാലിക്കപ്പെടുകയാണ്' 9 ചെയ്തത്.

വ്യക്തി നേരിടുന്ന ജീവിതാനുഭവം എന്നതിനപ്പുറം സമൂഹമെന്ന വിസ്തൃതമായ അനുഭവഖണ്ഡങ്ങളാണ് എതിരിൽ ആഖ്യാനം ചെയ്യപ്പെടുന്നത്. ദളിതർ അനുഭവിക്കുന്ന സാമ്പത്തിക പരാശ്രയത്തെക്കുറിച്ച് കുഞ്ഞാമൻ ഏറെ ചിന്തിക്കുന്നുണ്ട്. സാമ്പത്തികമായ സ്വാതന്ത്ര്യം ഇല്ലാത്തതാണ് ദളിത് വിഭാഗങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമായി കുഞ്ഞാമൻ കണ്ടെത്തുന്നത്. 'ദളിത് ആദിവാസി വിഭാഗങ്ങളിൽ നിന്ന് ശ്രദ്ധിക്കപ്പെടുന്ന കലാകാരന്മാരോ സിനിമാ സംവിധായകരോ ശാസ്ത്രജ്ഞരോ എഴുത്തുകാരോ ഉണ്ടായിട്ടില്ല. തകഴിയെപ്പോലെയോ എംടിയെപ്പോലെയോ ശ്രദ്ധിക്കപ്പെടുന്നവർ ദളിത് വിഭാഗത്തിൽ നിന്നും ഉയർന്നു വന്നിട്ടില്ല. ഒരു ഇഎംഎസ് ഉണ്ടായിട്ടില്ല. ഇവർക്കെല്ലാം മേൽത്തട്ടിൽനിന്നേ വളർന്നു വരാൻ പറ്റൂ. ഇത്തരത്തിലുള്ളവർ ഉയർന്നുവരണമെങ്കിൽ സാമ്പത്തിക സ്വാതന്ത്ര്യം വേണമെന്ന്' 10 കുഞ്ഞാമൻ അഭിപ്രായപ്പെടുന്നു.

ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭ നടപ്പിലാക്കിയ ഭൂപരിഷ്കരണ നയങ്ങളെ ശക്തമായി വിമർശിക്കുന്നുണ്ട് കുഞ്ഞാമൻ. ലാൻഡ് ടു ദി ടില്ലർ ഓഫ് ദി സോയിൽ എന്നു പറഞ്ഞ് ഭൂപരിഷ്കരണം നടപ്പിലാക്കിയപ്പോൾ പരമ്പരാഗത ഭൂരഹിത കർഷക തൊഴിലാളികൾക്ക് ഭൂമി കിട്ടിയില്ലെന്ന ശക്തമായ വിമർശനം കുഞ്ഞാമൻ മുന്നോട്ടുവെക്കുന്നു. സവർണ്ണർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ മാത്രമേ ദളിത് വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ലഭിക്കുകയുള്ളൂ എന്ന് കുഞ്ഞാമൻ പറയുന്നു.' ദലിതന് സമ്പത്ത് കൈകാര്യം ചെയ്യാനുള്ള അധികാരം രാഷ്ട്രീയത്തിലൂടെയും നിയമനിർമാണത്തിലൂടെയുമേ സായത്തമാക്കാൻ കഴിയൂ. എന്നാൽ ഒരു രാഷ്ട്രീയപാർട്ടിക്കും സമ്പത്തിന്റെ പുനർവിതരണം എന്ന പരിപാടിയില്ല. നിയമനിർമാണത്തിലൂടെയും കൊണ്ടുവരാനാകില്ല. കാരണം, നിയമസഭകളിലും പാർലമെന്റിലും സമ്പന്നരുടെ പ്രതിനിധികൾക്കാണ് ഭൂരിപക്ഷം. സമ്പന്നർകൂടി അനുവദിക്കുന്ന പ്രക്രിയയിലേ മാറ്റം സാധ്യമാകൂ'11 എന്ന് നിലനിൽക്കുന്ന ഭരണകൂട അധികാര ശക്തികളെ കുഞ്ഞാമൻ ശക്തമായി വിമർശിക്കുന്നു.ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ അപചയത്തെയും ഭൂപരിഷ്കരണത്തിന്റെ പോരായ്മകളെയും അവലോകനം ചെയ്യുന്ന വേളയിൽ ശക്തമായ സാമൂഹിക - രാഷ്ട്രീയ കർതൃത്വം കുഞ്ഞാമനിൽ പ്രവർത്തിക്കുന്നതായി കാണാം.

ആത്മകഥയുടെ അവസാന ഭാഗങ്ങളിൽ എത്തുമ്പോൾ ആത്മത്തിന്റെ അഭാവം ശക്തമായി കാണാൻ സാധിക്കും. വ്യക്തി ജീവിതത്തിലെ സ്വകാര്യനുഭവങ്ങളെക്കാൾ പൊതുരംഗത്തെ ഇടപെടലായി, പൊതു മണ്ഡലവുമായി ബന്ധപ്പെട്ട് നിൽക്കുന്ന പരസ്യമായ ഒരാഖ്യാനരീതിയായി എതിര് മാറുന്നു.

കുറിപ്പുകൾ

1.Linda Anderson, 2001.Autobiography- The New Critical Idiom. Taylore&Francies Co, Routledge, P.2.

2. ഇ.എം.എസ് നമ്പൂതിരിപ്പാട്, 1974. അവതരിക. In:ജീവിതപ്പാത. ചെറുകാട്. കറന്റ് ബുക്സ്, തൃശ്ശൂർ, പുറം.7.

3.കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, 2015. എന്റെ സ്മരണകൾ ( ഒന്നാം ഭാഗം),പഞ്ചാംഗം പുസ്തകശാല,കുന്നംകുളം, പുറം.1.

4. എം കുഞ്ഞാമൻ,2020. എതിര്,ഡിസി ബുക്സ്, കോട്ടയം, പുറം.13.

5. അതേ പുസ്തകം, പുറം.15.

6.അതേ പുസ്തകം, പുറം.13.

7.അതേ പുസ്തകം, പുറം.20.

8.അതേ പുസ്തകം, പുറം.41.

9.അതേ പുസ്തകം, പുറം.32.

10.അതേ പുസ്തകം, പുറം.23.

**സഹായകഗ്രന്ഥങ്ങൾ**

1.Linda Anderson, 2001.Autobiography- The New Critical Idiom. Taylore&Francies Co, Routledge

2. ചെറുകാട് ഗോവിന്ദ പിഷാരടി,1974.ജീവിതപ്പാത. കറന്റ് ബുക്സ്, തൃശ്ശൂർ

3.കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, 2015. എന്റെ സ്മരണകൾ ( ഒന്നാം ഭാഗം),പഞ്ചാംഗം പുസ്തകശാല,കുന്നംകുളം

4. എം കുഞ്ഞാമൻ,2020. എതിര്,ഡിസി ബുക്സ്, കോട്ടയം